**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 973** **05/02/2020-ലെ മറുപടിയ്ക്ക്**

## ജല ഗുണനിലവാര പരിശോധനാ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ ഇ.കെ.വിജയൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങളും സൗകര്യങ്ങളുമാണ് പൊതുജനങ്ങൾക്ക ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫെറൽഇൻസ്റ്റിറ്റ്യൂട്ട് പദവിയോട് കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാം തന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽപരിശോധന വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട് കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും ഈ ലാബുകളിൽ ഉണ്ട്. കേന്ദ്ര പദ്ധതിയായ NRDWP യുടെ ഭാഗമായി ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കിണർ, കുഴൽ കിണർ തുടങ്ങിയ സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം, വാർഡ് സർവേയുടെ ഭാഗമായി ഈ ലാബുകളിൽ പരിശോധിച്ചു വരുന്നു. ഇതിനെല്ലാം പുറമെ പ്രളയം, വരൾച്ച, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ താത്ക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ചു കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്. |
| ബി) | ജല ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കാമോ; | ബി) | ഇത്തരമൊരു നിർദേശം നിലവിൽ പരിഗണനയിലില്ല. |
| സി) | പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുമോയെന്ന് വിശദമാക്കാമോ? | സി) | ഇത്തരമൊരാശയത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ